# നമസ്ക്കാരം ഒരു ലഘു പരിചയം

മുഹമ്മദലി ബിൻ ഇബ്രാഹീം സുല്ലമി

55

COOPERATIVE OFFICE FOR CAII AND GUIDANCE

1/1/1420 H

# നമസ്കാരം ഒരു ലഘു പരിചയം

മുഹമ്മദലി ബിൻ ഇബ്രാഹീം സുല്ലമി

ح المكتب التعاوني للدعوة والإرشاد بالبطحاء، ١٤١٧هـ

فهرسة مكتبة الملك فهد الوطنية أثناء النشر

المسلمي ، محمد إبراهيم

دليل الصلاة . - الرياض .

٣٦ ص ؛ ١٧X١٢ سم

ردمك : ٢-٣٧-٧٩٨-٩٩٦٠

( النص باللغة المالييارية )

١- الصلاة أ - العنوان

ديوي ٢، ٢٥٢ ١٧/٠٩٠٩

رقم الإيداع: ١٧/٠٩٠٩

ردمك: ٢-٣٧-٧٩٨-٩٩٦٠

المكتب التعاوني للدعوة والإرشاد

وتوعية الجاليات في منطقة البطحاء

تحت إشـــراف

وزارة الشئون الإسلامية والأوقاف والدعوة والإرشاد

ص.ب: ٢٠٨٢٤ الرياض ١١٤٦٥

هاتف: ٤٠٣٠٢٥١

٤٠٣٠١٤٢

٤٠٣٤٥١٧ ‐ ١- ٠٠٩٦٦

٤٠٣١٥٨٧

فاكس: ٤٠٥٩٣٨٧

هاتف وفاكس صالة المحاضرات بالبطحاء

٤٠٨٣٤٠٥ - ١- ٠٠٩٦٦

حقوق الطبع محفوظة للمكتب

لا يسمح بطبع أي جزء من هذا الكتاب إلا بعد موافقة خطية مسبقة من المكتب

## ഈ കൃതിയിൽ

1 – നമസ്കാരത്തിന്റെ പ്രാധാന്യം ..........01

2 – കുളിയുടെ രൂപം .......................... 03

3 – വുളുവിന്റെ രൂപം ..........................04

4 – ബൂട്ട് തടവൽ ..........................05

5 – തയമ്മും ..........................05

6 – വുളുവിന് ശേഷമുള്ള പ്രാർത്ഥന ......06

7 – ബാങ്കിന്റെ രൂപം ..........................07

8 – ഇഖാമത്തിന്റെ രൂപം ..........................09

9 – നമസ്കാരത്തിന്റെ രൂപം ..........................10

10 – നമസ്കാരാനന്തരമുള്ള പ്രാർത്ഥനകൾ .............. .........22

11 – മയ്യിത്ത് നമസ്കാരം .......................... 25

# നമസ്കാരത്തിൻെറ പ്രാധാന്യം

ഒരു മുസ്ലിമിൻെറ ഏററവും സുപ്രധാനമായ ബാധ്യത നമസ്കാരമാണ്. നമസ്ക്കരിക്കാത്തവനെ യഥാർത്ഥത്തിൽ മുസ്ലിമാണെന്നു തന്നെ പറയാവതല്ല. നബി(സ) പറഞ്ഞു : "ഒരു മനുഷ്യനെ സത്യനിഷേധത്തിൽ നിന്നും ബഹുദൈവ വിശ്വാസത്തിൽ നിന്നും വ്യതിരിക്തമാക്കുന്നത് നമസ്ക്കാരമാണ്" (മുസ്ലിം).

നമസ്ക്കാരം മനുഷ്യനും അല്ലാഹുവുമായുള്ള ദൃഢമായ ബന്ധത്തെ കുറിക്കുന്നു. നബി(സ) പറഞ്ഞു: "നിങ്ങളിൽ ഒരാൾ നമസ്ക്കരിക്കുമ്പോൾ അല്ലാഹുവിനോട് രഹസ്യഭാഷണം നടത്തുന്നു" (ബുഖാരി).

നമസ്ക്കാരം അല്ലാഹുവിൻെറ സഹായം ലഭിക്കുവാനുള്ള മാർഗ്ഗമാണ്.
അല്ലാഹു പറയുന്നു :
(നിങ്ങൾ സഹനവും നമസ്ക്കാരവും കൊണ്ട് സഹായം തേടുക) ( വിഖു:2:43 )
നബി(സ) പറയുന്നു : "നിങ്ങളിലൊരാളുടെ കവാടത്തിനു സമീപത്തുകൂടി ഒരു നദി ഒഴുകുന്നു, അയാൾ അതിൽ നിന്ന് ദിവസവും അഞ്ചുപ്രാവശ്യം കുളിക്കുന്നു. എങ്കിൽ അയാളുടെ ശരീരത്തിൽ മാലിന്യം അവശേഷിക്കുമോ ? അവർ പറഞ്ഞു : ഇല്ല, ഒരു അഴുക്കും ഉണ്ടാവുകയില്ല. നബി (സ) പറഞ്ഞു : അഞ്ചുസമയങ്ങളിലെ നമസ്ക്കാരം അതുപോലെയാണ്,

**അവമൂലം മനുഷ്യരുടെ പാപങ്ങൾ അല്ലാഹു മായിച്ചുകളയുന്നു" ( ബുഖാരി, മുസ്ലിം )**

**നമസ്കാരം സംഘടിതമായി പള്ളിയിൽവെച്ചാണ്** നിർവ്വഹിക്കേണ്ടത്, ഭക്തിയോടും ദൈവഭയത്തോടും കൂടി നമസ്ക്കരിക്കുക. അല്ലാഹു പറയുന്നു: (വിശ്വാസികൾ വിജയിച്ചിരിക്കുന്നു. അവർ തങ്ങളുടെ നമസ്ക്കാരത്തിൽ ഭക്തിയുള്ളവരാണ് ) വിഖു : 22: 1

ഒരുദിവസം നിർബ്ബന്ധമായ അഞ്ചുനമസ്ക്കാരങ്ങളാണുള്ളത്. അവക്കെല്ലാം നിർണ്ണിത സമയങ്ങളുണ്ട്. ആ സമയ ങ്ങളിലാണ് പള്ളികളിൽ നിന്ന് ബാങ്ക് വിളിക്കുന്നത്. ഫജർ, ളുഹർ, അസർ, മഗ്രിബ്, ഇശാ എന്നീ പേരുകളിൽ അവ അറിയപ്പെടുന്നു. ഓരോ നമസ്ക്കാരവും അതിൻെറ കൃത്യസമയത്ത് നിർവ്വഹിക്കണം. അല്ലാഹു പറയുന്നു :(നമസ്ക്കാരം വിശ്വാസികളുടെ മേൽ സമയം നിർണ്ണ യിക്കപ്പെട്ട ആരാധനയാണ്) വിഖു:4:103.

നമസ്ക്കരിക്കുന്നതിൻെറ രൂപം നബി(സ) പഠിപ്പിച്ചിട്ടുണ്ട്. അപ്രകാരമാണ് നമസ്കരിക്കേണ്ടത്. നബി(സ) പറഞ്ഞു: **"ഞാൻ എതുരൂപത്തിൽ നമസ്ക്കരിക്കുന്നത് നിങ്ങൾ കണ്ടുവോ അതുപോലെ നമസ്ക്കരിക്കുക"** (ബുഖാരി ).

നമസ്ക്കരിക്കുന്ന വ്യക്തി മുസ്ലിമായിരിക്കുക, ബുദ്ധിയുള്ളവനും, വിവേചനശേഷി എത്തിയവനുമാകുക, നമസ്ക്കരിക്കുന്നവൻെറ ശരീരം, വസ്ത്രം, നമസ്ക്കാരസ്ഥലം തുടങ്ങിയവ മലം, മൂത്രം, ഛർദ്ദിച്ചത്, രക്തം, ശവം തുടങ്ങിയ നജസുകളിൽ (മാലിന്യങ്ങളിൽ)നിന്ന് ശുദ്ധമായിരിക്കുക, പുരുഷൻ പൊക്കിൾ മുതൽ കാൽമുട്ടുകൾ വരെയുള്ള ഭാഗങ്ങൾ മറക്കുക, സ്ത്രീ മുൻകൈകളും മുഖവും ഒഴികെയുള്ള

ശരീര ഭാഗങ്ങൾ മറക്കുക, നമസ്ക്കാര സമയമാകുക, നമസ്ക്കരിക്കുമ്പോൾ കഅ്ബയുടെ നേരെ തിരിഞ്ഞു നില്ക്കുക, നമസ്ക്കരിക്കുകയാണെന്ന ഉദ്ദേശമുണ്ടാവുക, വലിയതും ചെറിയതുമായ അശുദ്ധികളിൽ നിന്ന് ശുദ്ധമാവുക തുടങ്ങിയവയെല്ലാം നമസ്ക്കരിക്കുന്നതിൻെറ മുമ്പ് ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങളാണ്. ഇവ നമസ്ക്കാരത്തിൻെറ നിബന്ധനകളായി (ശർത്തുകളായി) എണ്ണപ്പെടുന്നു.

കുളി നിർബ്ബന്ധമായിത്തീരുന്ന അവസ്ഥക്ക് വലിയ അശുദ്ധി എന്നു പറയുന്നു.

ലൈംഗികബന്ധം, സ്ഖലനം, ആർത്തവം, പ്രസവം എന്നിവയുണ്ടായാൽ കുളി നിർബ്ബന്ധമാണ്. സ്ത്രീകൾ ആർത്തവ കാലത്തും പ്രസവാനന്തര രക്തസ്രാവമുള്ളപ്പോഴും നമസ്ക്കരിക്കാവതല്ല. അപ്പോൾ നഷ്ടപ്പെടുന്ന നമസ്ക്കാരങ്ങൾ പിന്നീട് നിർവ്വഹിക്കേണ്ടതുമില്ല.

# കുളിയുടെ രൂപം

· വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാവാൻ കുളിക്കുകയാണെന്നു മനസ്സിൽ കരുതുക. നാവുകൊണ്ട് പറയേണ്ടതില്ല. നബി(സ) നിയ്യത്ത് നാവുകൊണ്ട് പറയാറുണ്ടായിരുന്നില്ല.

· 'ബിസ്മില്ലാഹി ' എന്നു ചൊല്ലുക.

· വുസു എടുക്കുക. കാലുകൾ കുളി അവസാനിച്ച ശേഷം കഴുകിയാലും മതി

· തലയിൽ മൂന്നുകോരൽ വെള്ളം ഒഴിക്കുക.

· ശരീരം മുഴുവനും വെള്ളമൊഴിച്ചു കഴുകി വൃത്തിയാക്കുക.

ചെറിയ അശുദ്ധിയുള്ളവൻ ( വുളു ഇല്ലാത്ത അവസ്ഥക്കാണ് ചെറിയ അശുദ്ധി എന്നു പറയുന്നത് ) നമസ്ക്കരിക്കുന്നതിനു മുമ്പ് വുളു ചെയ്യണം .

# വുളുവിൻെറ രൂപം

* വുളു ചെയ്യുകയാണെന്നു മനസ്സിൽ കരുതുക, നാവുകൊണ്ട് പറയേണ്ടതില്ല .
* "ബിസ്മില്ലാഹി" എന്നുചൊല്ലുക, കൈപ്പടങ്ങൾ മൂന്നുപ്രാവശ്യം വീതം കഴുകുക.
* മൂന്നുപ്രാവശ്യം വീതം കവിൾ കൊള്ളുകയും നാസികകളിൽ ജലം പ്രവേശിപ്പിച്ച് ശുചീകരിക്കുകയും ചെയ്യുക.
* മുഖം മൂന്നുപ്രാവശ്യം പൂർണ്ണമായി കഴുകുക.
* വലതുകൈ മുട്ടു വരെ മൂന്നു പ്രാവശ്യം കഴുകുക.
* ഇടതുകൈയും മുട്ടു വരെ മൂന്നു പ്രാവശ്യം കഴുകുക.
* തല ഒരു പ്രാവശ്യം തടവുക, കൈ നനച്ച ശേഷം തലയുടെ മുൻഭാഗം മുതൽ പിൻഭാഗം വരെ തടവുക, ശേഷം തിരിച്ചു മുൻഭാഗത്തേക്കു കൊണ്ടുവരിക.
* ചെവി ഒരുപ്രാവശ്യം തടവുക (ചൂണ്ടുവിരൽ ചെവിക്കകത്തു പ്രവേശിപ്പിച്ചു ചെവിയുടെ ഉൾഭാഗം തടവുക, പെരുവിരൽ കൊണ്ട് ചെവിയുടെ പുറംഭാഗവും തടവുക) .
* കാലുകൾ ഞെരിയാണിവരെ മൂന്നു പ്രാവശ്യം കഴുകുക. ആദ്യം വലതുകാലും പിന്നീട് ഇടതു കാലുമാണ് കഴുകേണ്ടത്.

# ബൂട്ടു (ഖുഫ്ഫ) തടവൽ

കാലിൽ ബൂട്ടുകൾ, കാലുറകൾ മുതലായ ആവരണങ്ങൾ അണിഞ്ഞവർ വുളു ചെയ്യുമ്പോൾ അവയുടെ മുകൾ ഭാഗം തടവിയാൽ മതിയാവുന്നതാണ്. അവ അഴിച്ചു കാലുകൾ കഴുകണമെന്നില്ല. അങ്ങിനെ തടവുന്നവർ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1 – ഷോക്സുകൾ പൂർണ്ണരൂപത്തിൽ വുസു ചെയ്ത ശേഷം ധരിച്ചവയാവുക.

2 – ധരിക്കുന്ന ഷോക്സുകൾ ശുദ്ധിയുള്ളവയാവുക .

3 – വുളു ചെയ്യുമ്പോൾ മാത്രമെ തടവൽ അനുവദനീയമാവുകയുള്ളൂ. (കുളിക്കുമ്പോൾ കാലുകൾ പൂർണ്ണമായി കഴുകേണ്ടതാണ്) .

4 – ഒരുദിവസമാണ് നാട്ടിൽ താമസിക്കുന്നവന് ഷോക്സുകളുടെ മേൽ തടവാൻ അനുവാദമുള്ളത്, യാത്രക്കാരന് മൂന്നുദിവസം വരെ ഇപ്രകാരം ചെയ്യാവുന്നതാണ്.

# തയമ്മും

ജലദൗർലഭ്യം, രോഗം മുതലായ കാരണങ്ങളാൽ ശുചീകരണം നടത്താൻ പ്രയാസമുള്ളവനു വുളുവിനും കുളിക്കും പകരമായി "തയമ്മും" ചെയ്താൽ മതി.

**തയമ്മുമിൻെറ രൂപം**

തയമ്മും ചെയ്യുകയാണെന്ന് മനസ്സിൽ കരുതുക,

കൈകൾ നിലത്തടിക്കുക, അതുകൊണ്ട് മുഖവും മുൻകൈകളും തടവുക.

## വുളുവിനു ശേഷമുള്ള പ്രാർത്ഥന

വുളു പൂർത്തിയായാൽ ഇപ്രകാരം പ്രാർത്ഥിക്കുക:

أَشْهَدُ أَنْ لاَ إِلٰهَ إِلاَّ اللّٰهُ وَحْدَهُ لاَ شَرِيكَ لَهُ وَ أَشْهَدُ أَنَّ مُحَمَّداً عَبْدُهُ وَرَسُولُهُ"

**അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീകലഹു, വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു.**

(അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനാണ്, അവനു ഒരു പങ്കുകാരനുമില്ല. മുഹമ്മദ് അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. )

വുളു മുറിഞ്ഞു പോയാൽ വീണ്ടും വുളു ചെയ്തശേഷമേ നമസ്കരിക്കാവൂ.

മലമൂത്ര ദ്വാരങ്ങളിലൂടെ എന്തെങ്കിലും പുറപ്പെടുക. നിദ്ര, ബോധക്ഷയം, ലഹരി തുടങ്ങിയ കാരണങ്ങളാൽ വിവേകം നഷ്ടപ്പെടുക, ലൈംഗികാവയവങ്ങൾ സ്പർശിക്കുക, ഒട്ടകമാംസം ഭക്ഷിക്കുക തുടങ്ങിയകാര്യങ്ങൾ സംഭവിച്ചാൽ വുളു മുറിയുന്നതാണ്.

നമസ്കാരത്തിൻെറ സമയമായാൽ ഒരാൾ

ബാങ്കുവിളിക്കണം.

## ബാങ്കിൻെറ രൂപം

اللهُ أَكْبَرُ ، اللهُ أَكْبَرُ ، اللهُ أَكْبَرُ ، اللهُ أَكْبَرُ
أَشْهَدُ أَنْ لاَ إِلٰهَ إِلاَّ اللهُ ، أَشْهَدُ أَنْ لاَ إِلٰهَ إِلاَّ اللهُ
أَشْهَدُ أَنَّ مُحَمَّدًا رَسُولُ اللهِ ، أَشْهَدُ أَنَّ مُحَمَّدًا رَسُولُ اللهِ
حَيَّ عَلَى الصَّلاَةِ ، حَيَّ عَلَى الصَّلاَةِ
حَيَّ عَلَى الْفَلاَحِ ، حَيَّ عَلَى الْفَلاَحِ
اللهُ أَكْبَرُ ، اللهُ أَكْبَرُ
لاَ إِلٰهَ إِلاَّ اللهُ

അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ , അല്ലാഹു അക്ബർ
അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ്, അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ്.
അശ്ഹദു അന്നമുഹമ്മദൻ റസൂലുല്ലാഹ്, അശ്ഹദു അന്നമുഹമ്മദൻ റസൂലുല്ലാഹ് ,
ഹയ്യ അലസ്സലാത്ത്, ഹയ്യ അലസ്സലാത്ത്,
ഹയ്യ അലൽ ഫലാഹ് , ഹയ്യ അലൽ ഫലാഹ് ,
അല്ലാഹു അക്ബർ , അല്ലാഹു അക്ബർ
ലാഇലാഹ ഇല്ലല്ലാഹ്

ബാങ്ക് കേൾക്കുന്നവൻ ബാങ്ക് വിളിക്കുന്നവൻ പറയുന്ന പോലെ പറയണം, ബാങ്ക്വിളിക്കുന്നവൻ ഹയ്യ അലസ്സലാത്ത്, ഹയ്യ അലൽ ഫലാഹ് എന്നിവ

**പറയുമ്പോൾ കേൾക്കുന്നവൻ**

لَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ

"ലാഹൗല വലാഖുവ്വത്ത ഇല്ലാബില്ലാഹി" (അല്ലാഹുവിങ്കൽ നിന്നല്ലാതെ ഒരു കഴിവും ശക്തിയുമില്ല ) എന്നാണ് പറയേണ്ടത്.

ബാങ്കിനുശേഷം നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുക.[1]

**അതിനു ശേഷം ഇപ്രകാരം പ്രാർത്ഥിക്കുക.**

اَللّٰهُمَّ رَبَّ هٰذِهِ الدَّعْوَةِ التَّامَّةِ ، وَالصَّلَاةِ الْقَائِمَةِ ، آتِ مُحَمَّدًا الْوَسِيلَةَ وَالْفَضِيلَةَ وَابْعَثْهُ مَقَامًا مَحْمُودًا الَّذِي وَعَدْتَهُ

**അല്ലാഹുമ്മ റബ്ബ ഹാദിഹി ദ്ദഅ്വത്തിത്താമ്മഃ വസ്സ്വലാത്തിൽ ഖാഇമഃ ആത്തി മുഹമ്മദനിൽ വസീലത്ത വൽ ഫളീലത്ത വബ്അസ്ഹു മഖാമൻ മഹ്മൂദനില്ലദീ വഅദ്ത്തഹു .**

**(സമ്പൂർണ്ണമായ ഈ ക്ഷണത്തിന്റെയും നിർവ്വഹിക്കപ്പെടുന്ന നമസ്ക്കാരത്തിന്റെയും നാഥനായ അല്ലാഹുവെ, മുഹമ്മദ് (സ) ക്ക് നീ**

[1] സ്വലാത്തിന്റെ രൂപം 19 -ാം പേജിൽ നോക്കുക.

"വസീല" "ഫസീല"[2] എന്നീ പദവികൾ നല്കേണമേ, നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്തുതിക്കപ്പെട്ട സ്ഥാനത്ത് അദ്ദേഹത്തെ നിയോഗിക്കുകയും ചെയ്യേണമേ ) .

നമസ്കാരം ആരംഭിക്കാറായാൽ ഇഖാമത്ത് വിളിക്കുക .

## ഇഖാമത്തിന്റെ രൂപം

اَللهُ أَكْبَرُ ، اَللهُ أَكْبَرُ
أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللهُ
أَشْهَدُ أَنَّ مُحَمَّداً رَسُولُ اللهِ
حَيَّ عَلَى الصَّلاَةِ
حَيَّ عَلَى الْفَلاَحِ
قَدْ قَامَتِ الصَّلاَةُ ، قَدْ قَامَتِ الصَّلاَةُ
اَللهُ أَكْبَرُ ، اَللهُ أَكْبَرُ
لاَ إِلَهَ إِلاَّ اللهُ

2 പരലോകത്ത് നബി(സ)ക്ക് ലഭിക്കുന്ന പ്രത്യേക പദവികൾ.

അല്ലാഹു അക്ബർ, അല്ലാഹു അക്ബർ
അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ്,
അശ്ഹദു അന്നമുഹമ്മദൻ റസൂലുല്ലാഹ്
ഹയ്യ അലസ്സ്വലാത്ത്
ഹയ്യ അലൽ ഫലാഹ്
ഖദ് ഖാമത്തിസ്സ്വലാത്ത്, ഖദ് ഖാമത്തിസ്സ്വലാത്ത്
അല്ലാഹു അക്ബർ , അല്ലാഹു അക്ബർ
ലാഇലാഹ ഇല്ലല്ലാഹ്

# നമസ്ക്കാരത്തിൻെറ രൂപം

നമസ്ക്കരിക്കുന്നവൻ കഅബയുടെ ഭാഗത്തേക്ക് തിരിഞ്ഞു നില്ക്കുക.

നിന്നു നമസ്ക്കരിക്കാൻ കഴിയുന്നവൻ നിന്നു നമസ്ക്കരിക്കുക.[3]

നമസ്ക്കരിക്കുന്നതിനു വേണ്ടിയാണ് നില്ക്കുന്നതെന്ന് മനസ്സിൽ കരുതുക. (നാവുകൊണ്ട് പറയേണ്ടതില്ല. നബി(സ)യോ അനുചരന്മാരോ നിയ്യത്ത് ഉച്ചരിച്ചിരുന്നില്ല).

നമസ്ക്കാര സ്ഥലത്തിൻെറ പരിധി നിർണ്ണയിക്കാൻ

---

3 ഒരാൾക്ക് നിന്നു നമസ്ക്കരിക്കാൻ സാധ്യമല്ലെങ്കിൽ അയാൾക്ക് ഇരുന്നു നമസ്ക്കരിക്കാവുന്നതാണ്. ഇരിക്കാനും കഴിയാത്തവനാണെങ്കിൽ കിടന്നെങ്കിലും നമസ്കരിക്കേണ്ടതാണ്.

ഏതെങ്കിലും അടയാളം സ്വീകരിക്കുന്നത് നല്ലതാണ്.
കൈകൾ ചുമലിനുനേരെ ഉയർത്തിക്കൊണ്ട് അല്ലാഹു അക്ബർ എന്നു ചൊല്ലുക. ഇതിനു "തക്ബീറത്തുൽ ഇഹ്റാം" എന്നു പറയുന്നു. അപ്പോൾ ദൃഷ്ടികൾ സുജൂദിന്റെ സ്ഥാനത്തേക്ക് പതിപ്പിക്കുക.
കൈകൾ നെഞ്ചിന്മേൽ വെക്കുക. ഇടതു കൈപ്പത്തിയുടെ മുകളിലായി വലതുകൈ വെക്കുക.
ദുആഉൽ ഇസ്തിഫ്താഹ് (പ്രാരംഭ പ്രാർത്ഥന) ചൊല്ലുക.

سُبْحَانَكَ اللّهُمَّ وَبِحَمْدِكَ وَتَبَارَكَ اسْمُكَ وَتَعَالَى جَدُّكَ وَلاَ إِلَهَ غَيْرُكَ

**"സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക വതബാറകസ്മുക്ക വതആലാ ജദ്ദുക്ക വലാഇലാഹ ഗൈറുക്ക".**

(അല്ലാഹുവെ നീ പരിശുദ്ധൻ, നിനക്ക് സ്തോത്രം, നിന്റെ നാമം അനുഗ്രഹീതം, നിന്റെ മഹത്വം അത്യുന്നതം, നീയല്ലാതെ ആരാധനക്ക് അർഹനില്ല.) എന്ന പ്രാർത്ഥനയോ, നബിചര്യയിൽ സ്ഥിരപ്പെട്ട ഇതര പ്രാർത്ഥനകളോ ചൊല്ലുക.
അനന്തരം

أَعُوذُ بِاللّهِ مِنَ الشَّيْطَانِ الرَّجِيم

(അഊദു ബില്ലാഹിമിനശ്ശൈത്വാനിർറജീം) എന്നു ചൊല്ലുക.
(സാരം : ശപിക്കപ്പെട്ട പിശാചിൽനിന്ന് ഞാൻ അല്ലാഹുവിനോട് രക്ഷ തേടുന്നു)

പിന്നീട് സൂറത്തുൽ ഫാത്തിഹ പാരായണം ചെയ്യുക. നബി(സ) പറയുന്നു :
"ഫാത്തിഹ പാരായണം ചെയ്യാത്തവന് നമസ്കാരമില്ല" ഫജ്റിലും, ഇശാ, മഗ്രിബ് നമസ്കാരങ്ങളുടെ ആദ്യത്തെ രണ്ടു റകഅത്തുകളിലും ഇമാം ഉച്ചത്തിൽ പാരായണം ചെയ്യണം .

## സൂറത്തുൽ ഫാത്തിഹ

بِسْمِ اللهِ الرَّحْمٰنِ الرَّحِيم
اَلْحَمْدُ لِلهِ رَبِّ الْعَالَمِينْ
الرَّحْمٰنِ الرَّحِيم
مَالِكِ يَوْمِ الدِّين
إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِين
اهْدِنَا الصِّرَاطَ الْمُسْتَقِيمْ
صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلاَ
الضَّالِّينْ . آمين

**ബിസ്മില്ലാഹി ർറഹ്മാനിർറഹീം**
**അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ.**
**അർറഹ്മാനിർറഹീം.**
**മാലികി യൗമിദ്ദീൻ.**

**ഇയ്യാക്കനഅ്ബുദു വഇയ്യാക്കനസ്തഈൻ.**
**ഇഹ്ദിന സ്വിറാത്വൽ മുസ്തഖീം.**
**സ്വിറാത്വല്ലദീന അൻഅംത അലൈഹിം.**
**ഗൈറിൽ മഗ്ളൂബി അലൈഹിം.**
**വലള്ളാല്ലീൻ.**

ഫാത്തിഹ പൂർത്തിയായാൽ **ആമീൻ** (നീ ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കേണമേ) എന്നുപറയുക.

സാരം :

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ (ആരംഭിക്കുന്നു).
സർവ്വ സ്തുതിയും ലോക രക്ഷിതാവായ അല്ലാഹുവിനാണ്.
പരമ കാരുണികനും കരുണാനിധിയുമായവൻ.
പ്രതിഫല നാളിന്റെ ഉടമസ്ഥൻ.
ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുകയും നിന്നോട് മാത്രം സഹായം തേടുകയും ചെയ്യുന്നു.
ഞങ്ങളെ നീ നേർമാർഗ്ഗത്തിലേക്ക് നയിക്കേണമേ.
(അഥവാ) നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ.
(നിന്റെ)കോപത്തിന്നിരയായവരുടെ മാർഗ്ഗത്തിലല്ല.
പിഴച്ചു പോയവരുടെ വഴിയിലുമല്ല.

പിന്നീട് ഖുർആനിൽ നിന്ന് അല്പം പാരായണം ചെയ്യുക, ഉദാഹരണത്തിനായി ഒരു ചെറിയ അദ്ധ്യായം ഇവിടെ നല്കുന്നു.

## സൂറത്തുൽ ഇഖ്‌ലാസ്

قُلْ هُوَ اللّٰهُ أَحَدٌ ، اَللّٰهُ الصَّمَدُ ، لَمْ يَلِدْ ، وَلَمْ يُولَدْ ، وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ

**"ഖുൽ ഹുവല്ലാഹു അഹദ്. അല്ലാഹുസ്സമദ്. ലംയലിദ്. വലം യൂലദ്. വലം യകുൻലഹു കുഫുവൻ അഹദ്."**

**(നബിയേ) പറയുക, അവൻ, അല്ലാഹു ഏകനാണ്.** അല്ലാഹു എല്ലാവരാലും ആശ്രയിക്കപ്പെടുന്നവൻ. അവൻ ആരെയും ആശ്രയിക്കുന്നവനല്ല. അവൻ (ആർക്കും) ജന്മം നല്കിയിട്ടില്ല,(ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരുമില്ല)

(ഖുർആനിൽനിന്ന് മനഃപാഠമുള്ള മറ്റേതെങ്കിലും ഭാഗങ്ങൾ പാരായണം ചെയ്താലും മതി)

ശേഷം കൈകൾ ചുമലിനു നേരെ ഉയർത്തി **"അല്ലാഹു അക്ബർ"** എന്നു ചൊല്ലിക്കൊണ്ട് കുനിയുക. വിരലുകൾ വിടർത്തിപ്പിടിച്ചു കൈപ്പടങ്ങൾ കാൽ മുട്ടുകളിൽ വെക്കുക. ശിരസ്സും മുതുകും സമമായി വരത്തക്കവിധം കുനിഞ്ഞു നില്ക്കുക. ഇതിനു റുകൂഅ് എന്നു പറയുന്നു. അപ്പോൾ

سُبْحَانَ رَبِّيَ الْعَظِيمِ

സുബ്ഹാന റബ്ബിയൽ അളീം (എന്റെ മഹോന്നതനായ രക്ഷിതാവ് പരിശുദ്ധനാണ്) എന്നു മൂന്നു പ്രാവശ്യം പറയുക. അതിനു പുറമെ

سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ اللَّهُمَّ اغْفِرْلِي

"സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക അല്ലാഹുമ്മ ഗ്ഫിർലീ "( അല്ലാഹുവെ നീ പരിശുദ്ധനാണ്, നിനക്ക് സ്തുതി, അല്ലാഹുവെ എന്റെ പാപങ്ങൾ പൊറുത്തുതരേണമേ ) എന്നുകൂടി പറയുന്നത് ഉത്തമമാണ്.

**റുകൂഇൽ നിന്നും ഉയരുമ്പോൾ**

سَمِعَ اللهُ لِمَنْ حَمِدَهُ

"സമിഅല്ലാഹു ലിമൻ ഹമിദഃ" (അല്ലാഹുവെ സ്തുതിച്ചവന്റെ സ്തുതി അവൻ കേൾക്കുമാറാകട്ടെ) എന്നു പറയുകയും നിവർന്നു നില്ക്കുകയും ചെയ്യുക. ഇതിനു ഇഅ്തിദാൽ എന്നു പറയുന്നു. പിന്നീട് ഇപ്രകാരം പറയുക .

رَبَّنَا لَكَ الْحَمْدُ مِلْأُ السَّمٰوَاتِ وَمِلْأُ الْأَرْضِ وَمِلْأُ مَاشِئْتَ مِنْ شَيْءٍ بَعْدُ

**"റബ്ബനാ ലകൽഹംദ് മിൽഅസ്സമാവാത്തി വമിൽഅൽ അർളി വമിൽഅ മാശിഅ്ത്ത മിൻ ശൈഇൻ ബഅ്ദ് "** ഞങ്ങളുടെ നാഥാ ആകാശ ഭൂമികളിലും അവക്ക് മധ്യയുള്ളവയിലും നിറയെയും അതിനുശേഷം നീ ഉദ്ദേശിച്ചത് നിറയെയും നിനക്കു സ്തുതി.

ശേഷം "അല്ലാഹു അക്ബർ" എന്നു ചൊല്ലികൊണ്ട് സുജൂദിലേക്ക് പോകുക, സുജൂദിൽ

കാൽ വിരലുകളുടെ അററങ്ങൾ നിലത്ത് ഊന്നുക, കൈപ്പടങ്ങൾ അവയിലെ വിരലുകൾ അടുപ്പിച്ചു നിലത്തു വെക്കുക, നെററി, മൂക്ക്, കാൽമുട്ടുകൾ, എന്നിവയും നിലത്തു പതിയണം, കൈകൾ പാർശ്വഭാഗങ്ങളിൽ നിന്നും, വയർ തുടകളിൽ നിന്നും, തുടകൾ കണങ്കാലുകളിൽ നിന്നും ഉയർത്തിപ്പിടിക്കുക.

സുജൂദിൽ سُبْحَانَ رَبِّيَ الْأَعْلَى

**"സുബ്ഹാന റബ്ബിയൽ അഅ്ലാ"** (ഉന്നതനായ എൻെറ നാഥൻ പരിശുദ്ധനാണ്) എന്നു മൂന്നു പ്രാവശ്യം പറയുക. അതിനു പുറമെ

سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ اللَّهُمَّ اغْفِرْلِي

**"സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക അല്ലാഹുമ്മഗ്ഫിർലീ"** (അല്ലാഹുവെ നീ പരിശുദ്ധനാണ്, നിനക്ക് സ്തുതി, അല്ലാഹുവെ എൻെറ പാപങ്ങൾ പൊറുത്തുതരേണമേ ) എന്നുകൂടി പറയുന്നത് ഉത്തമമാണ്. സുജൂദിൽ പ്രാർത്ഥനകൾ വർദ്ധിപ്പിക്കാവുന്നതാണ്. നബി(സ) പറഞ്ഞു: "റുകൂഇൽ നിങ്ങൾ നാഥനെ മഹത്വപ്പെടുത്തുക, സുജൂദിൽ പ്രാർത്ഥന വർദ്ധിപ്പിക്കാൻ പരിശ്രമിക്കുക, നിങ്ങളുടെ പ്രാർത്ഥനങ്ങൾ സ്വീകരിക്കപ്പെടാൻ ഏററവും അർഹമാണത് " (മുസ്ലിം) .

ശേഷം **"അല്ലാഹു അക്ബർ"** എന്നു ചൊല്ലി എഴുന്നേററിരിക്കുക, ഇടതുകാൽപാദം പരത്തിവെച്ച് അതിന്മേൽ ഇരിക്കുക, വിരലുകൾ നിലത്ത് ഊന്നി വലതുകാൽപാദം ഉയർത്തിവെക്കുക.

ഈ ഇരുത്തത്തിൽ

رَبِّ اغْفِرْلِي وَارْحَمْنِي وَاجْبُرْنِي وَارْفَعْنِي وَارْزُقْنِي وَاهْدِنِي وَعَافِنِي

**"റബ്ബിഗ്ഫിർലീ വർഹംനീ വജ്ബുർനീ വർഫഅ്നീ വർസുഖ്നീ വഹ്ദിനീ വആഫിനീ "** എന്നു പ്രാർത്ഥിക്കുക. (എന്റെ നാഥാ നീ എനിക്കു പൊറുത്തുതരികയും, ഭക്ഷണം നല്കുകയും, എന്നോട് കരുണ കാണിക്കുകയും, എന്റെ പോരായ്മകൾ പരിഹരിക്കുകയും, എനിക്കു ഉന്നത സ്ഥാനം നല്കുകയും, എന്നെ സന്മാർഗ്ഗത്തിലേക്കു നയിക്കുകയും, എനിക്കു സുഖമേകുകയും ചെയ്യേണമേ) .

" **അല്ലാഹു അക്ബർ** " എന്നു ചൊല്ലി വീണ്ടും സാഷ്ടാംഗം ചെയ്യുക, അപ്പോഴും ആദ്യത്തെ സുജൂദിലെ പോലെ പ്രാർത്ഥിക്കുക.

സുജൂദിൽനിന്ന് "**അല്ലാഹു അക്ബർ** " എന്നു ചൊല്ലി വീണ്ടും എഴുന്നേററു നില്ക്കുക. എഴുന്നേൽക്കുന്നതിനു മുമ്പ് അല്പം ഇരിക്കുന്നത് ഉത്തമമാണ്. ഇതോടെ ഒരു റകഅത്ത് പൂർത്തിയായി.

ആദ്യത്തെ റകഅത്തിൽ ചെയ്ത കാര്യങ്ങൾ രണ്ടാമത്തെ റകഅത്തിലും ആവർത്തിക്കുക.

രണ്ടിൽ കൂടുതൽ റകഅത്തുകളുള്ള നമസ്കാരങ്ങളിൽ രണ്ടാമത്തെ റകഅത്തിൽ അവസാന സുജൂദിനു ശേഷം ഇടതു കാൽപാദം പരത്തിവെച്ച് അതിൻ മേൽ ഇരിക്കുക. വലതു കാൽ വിരലുകൾ നിലത്തൂന്നി നാട്ടിവെക്കുക, കൈകൾ കാൽമുട്ടുകളിൽ വെക്കുക,

വലതുകൈയുടെ ചൂണ്ടുവിരൽ ഒഴികെയുള്ള വിരലുകൾ മടക്കിവെക്കുക. തുടർന്നു "തശഹ്ഹുദ്" ചൊല്ലുക. അതിന്റെ രൂപം താഴെ ചേർക്കുന്നു:

اَلتَّحِيَّاتُ لِلّٰهِ وَالصَّلَوَاتُ وَالطَّيِّبَاتُ اَلسَّلَامُ عَلَيْكَ أَيُّهَا النَّبِيُّ
وَرَحْمَةُ اللّٰهِ وَبَرَكَاتُهُ اَلسَّلَامُ عَلَيْنَا وَعَلَى عِبَادِ اللّٰهِ الصَّالِحِين
أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

**അത്തഹിയ്യാത്തു ലില്ലാഹി വസ്സ്വലവാത്തു വത്ത്വയ്യിബാത്തു അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു വറഹ്മത്തുല്ലാഹി വബറക്കാത്തുഹു അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി `സ്സ്വാലിഹീൻ. അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്`ദുഹു വറസൂലുഹു.**

(എല്ലാ അഭിവാദ്യങ്ങളും പ്രാർത്ഥനകളും പുണ്യകർമ്മങ്ങളും അല്ലാഹുവിന്നാണ്. അല്ലാഹുവിങ്കൽ നിന്നുള്ള ശാന്തിയും കാരുണ്യവും അനുഗ്രഹങ്ങളും പ്രവാചകരെ അങ്ങയുടെ മേൽ ഉണ്ടാവട്ടെ. നമ്മിലും സദ്വൃത്തരായ ദൈവദാസന്മാരിലും അല്ലാഹുവിങ്കൽ നിന്നുള്ള ശാന്തിയുണ്ടാവട്ടെ. അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് (സ) അല്ലാഹുവിന്റെ ദാസനും

ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു).
പിന്നീട് നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുക.[4]

അനന്തരം മൂന്നാമത്തെ റകഅത്തിലേക്ക് ഉയരുക. ചുമലിനുനേരെ കൈകൾ ഉയർത്തി "അല്ലാഹു അക്ബർ" എന്നു പറയുക. കൈകൾ നെഞ്ചിനുമേൽ വെക്കുക. മൂന്നും നാലും റകഅത്തുകളിൽ ഫാത്തിഹ മാത്രം പാരായണം ചെയ്യുക. ളുഹ്റിലും അസറിലും മൂന്നും നാലും റകഅത്തുകളിൽ ഫാത്തിഹക്കുശേഷം മററു ഖുർആൻ സൂക്തങ്ങളും പാരായണം ചെയ്യാം. നബി(സ) അങ്ങിനെ ചെയ്തിരുന്നതായി അബൂസഈദുൽ ഖുദ്രി (റ) നിവേദനം ചെയ്തിട്ടുണ്ട്.

അവസാനത്തെ റകഅത്ത് പൂർത്തിയായാൽ ഇടതുകാൽ വലതുകാലിനു താഴെ വെക്കുകയും വലതുപാദം ഉയർത്തിവെക്കുകയും ചെയ്തു നിലത്ത് ഇരിക്കുക. അപ്പോൾ "തശഹ്ഹുദ്" ചൊല്ലുക. തുടർന്നു നബി(സ)യുടെ മേൽ "സ്വലാത്ത്" ചൊല്ലുക.

## സ്വലാത്തിൻെറ രൂപം

اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ ، اللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ

4 സ്വലാത്തിൻെറ രൂപം ശേഷം നല്കിയത് ശ്രദ്ധിക്കുക.

**അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻ മജീദ്. അല്ലാഹുമ്മ ബാരിക്ക് അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻ മജീദ്.**

(അല്ലാഹുവെ, ഇബ്രാഹീം(അ)നും കുടുംബത്തിനും നീ നന്മചെയ്തപോലെ മുഹമ്മദി(സ)നും കുടുംബത്തിനും നീ നന്മചെയ്യേണമേ. നീ സ്തുത്യർഹനും ശ്രേഷ്ടനുമാണ്. നിശ്ചയം. അല്ലാഹുവെ, ഇബ്രാഹീം(അ)നും കുടുംബത്തിനും നീ അനുഗ്രഹം ചെയ്തപോലെ മുഹമ്മദ്(സ)നും കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണമേ. നിശ്ചയമായും നീ സ്തുത്യർഹനും ഉത്കൃഷ്ടനുമാണ്). പിന്നീട് ഇപ്രകാരം പ്രാർത്ഥിക്കുക.

اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ جَهَنَّمَ وَمِنْ عَذَابِ الْقَبْرِ وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ وَمِنْ فِتْنَةِ الْمَسِيحِ الدَّجَّال

**അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിൻ അദാബി ജഹന്നമ വമിൻ അദാബിൽ**

**ഖബ്രി വമിൻ ഫിത്നത്തിൽ മഹ്യാ വൽ മമാത്തി വമിൻ ഫിത്നത്തിൽ മസീഹി ദ്ദജ്ജാൽ.**

(അല്ലാഹുവേ, നരകശിക്ഷയിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണങ്ങളിൽ നിന്നും മസീഹുദ്ദജ്ജാലിൻെറ വിപത്തിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു ). ഇതിനു ശേഷം ഐഹിക-പാരത്രിക ജീവിതവിജയത്തിനും മാതാപിതാക്കൾക്കു നന്മ ചെയ്യാൻ വേണ്ടിയും മററും പ്രാർത്ഥിക്കാവുന്നതാണ്.

**അനന്തരം വലത്തോട്ട് തിരിഞ്ഞു സലാം ചൊല്ലുക.**

السَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ

**"അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ്"**

( നിങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്ന് ശാന്തിയും കാരുണ്യവും ലഭിക്കട്ടെ ) എന്നു പറയുക. പിന്നീട് ഇടത്തോട്ടു തിരിഞ്ഞും അതുപോലെ പറയുക.

ഇമാമിൻെറ പിന്നിൽ നമസ്ക്കരിക്കുന്നവൻ ഇമാമിനെ പിൻതുടരുക, അയാൾ ഒരുകർമ്മവും ഇമാമിനു മുമ്പ് ചെയ്യാവതല്ല. നബി(സ) പറഞ്ഞു: നമസ്ക്കാരത്തിൽ ഇമാമിനെ പിന്തുടരുക, അയാൾ തക്ബീറത്തുൽ ഇഹ്റാം ചൊല്ലുമ്പോൾ നിങ്ങളും തക്ബീറത്തുൽ ഇഹ്റാം ചൊല്ലുക, അയാൾ റുകൂഅ് ചെയ്താൽ നിങ്ങളും റുകൂഅ് ചെയ്യുക. അയാൾ "സമിഅല്ലാഹു ലിമൻ ഹമിദ" എന്നു പറഞ്ഞാൽ

നിങ്ങൾ "റബ്ബനാ ലകൽ ഹംദ്" എന്നു പറയുക, അദ്ദേഹം സുജൂദു ചെയ്താൽ നിങ്ങളും സുജൂദ് ചെയ്യുക. " ( ബുഖാരി, മുസ്‌ലിം )
ഇതോടു കൂടി നമസ്കാരം പൂർത്തിയായി

## നമസ്കാരാനന്തരമുള്ള പ്രാർത്ഥനകൾ

നമസ്കാരശേഷം മൂന്നു പ്രാവശ്യം

അസ്തഗ്ഫിറുല്ലാഹ് أَسْتَغْفِرُ اللهَ (അല്ലാഹുവിനോട് ഞാൻ പശ്ചാതപിക്കുന്നു) എന്നു പറയുക. അതിനുശേഷം ഇപ്രകാരം പറയുക.

اَللّٰهُمَّ أَنْتَ السَّلَامُ وَمِنْكَ السَّلَامُ تَبَارَكْتَ يَاذَا الْجَلَالِ وَالْإِكْرَامِ ، لَا إِلٰهَ إِلَّا اللهُ وَحْدَهُ لَاشَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ، اَللّٰهُمَّ لَا مَانِعَ لِمَا أَعْطَيْتَ وَلَا مُعْطِيَ لِمَا مَنَعْتَ ، وَلَا يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ .

(അല്ലാഹുമ്മ അൻതസ്സലാം, വമിൻകസ്സലാം തബാറക്ത യാദൽ ജലാലി വൽ ഇക്റാം, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക ലഹു, ലഹുൽമുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ, അല്ലാഹുമ്മ ലാ മാനിഅ ലിമാ അഅ്ത്വയ്ത്ത വലാ മുഅ്ത്വിയ ലിമാ മനഅ്ത്ത, വലാ യൻഫഉ ദൽ ജദ്ദി മിൻകൽ ജദ്ദ്)

"അല്ലാഹുവെ നീയാണ് സമാധാനം, നിന്നിൽ നിന്നാണ് സമാധാനം. അല്ലയോ മഹത്വവും ഔദാര്യവുമുള്ളവനെ, നീ അനുഗ്രഹീതനാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല. അവൻ ഏകനാണ്, അവന് പങ്കുകാരില്ല, ആധിപത്യം അവന്നാണ്. അവന്നു സ്തോത്രം, അവൻ സർവ്വ ശക്തനാണ്. അല്ലാഹുവെ നീ നല്കിയത് തടയുന്നവനില്ല. നീ തടഞ്ഞത് നല്കുന്നവനുമില്ല. നിന്നിൽ നിന്ന് (രക്ഷ നേടാൻ) ധനികൻെറ ധനം പ്രയോജനപ്പെടില്ല.

പിന്നീട്

سُبْحَانَ اللهِ ، الْحَمْدُ لِلّٰهِ ، اللهُ أَكْبَرُ

"സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ" എന്നിവയോരോന്നും മുപ്പത്തിമൂന്നു പ്രാവശ്യം ചൊല്ലുക, തുടർന്നു

لَا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ.

(ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക ലഹു, ലഹുൽ മുൽക്കു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ) "അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, അവൻ ഏകനാണ്, അവന് പങ്കുകാരില്ല. ആധിപത്യവും സ്തുതിയും അവനാണ്, അവൻ സർവ്വശക്തനാണ്" എന്നു ചൊല്ലുക. ഫജ്ർ, മഗ്രിബ് നമസ്കാരങ്ങൾക്കുശേഷം താഴെ പറയുന്ന പ്രകാരം

പത്തു പ്രാവശ്യം ചൊല്ലുന്നത് ഉത്തമമാണ്.

لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ.

**( ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക ലഹു, ലഹുൽ മുൽക്കു വലഹുൽ ഹംദു യുഹ്യീ വയുമീതു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ )** എന്നു ചൊല്ലുക. "അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, അവൻ ഏകനാണ്, അവന് പങ്കുകാരില്ല. ആധിപത്യവും സ്തുതിയും അവനാണ്, അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു, അവൻ സർവ്വശക്തനാണ്". നമസ്കാരത്തിനു ശേഷമുള്ള പ്രാർത്ഥനകളൊന്നും നിർബ്ബന്ധമല്ല. അവ നിർവ്വഹിച്ചാൽ പ്രതിഫലം വർദ്ധിക്കുന്നതാണ്.

നിർബ്ബന്ധ നമസ്കാരങ്ങൾക്കു പുറമെ ദിവസേന പന്ത്രണ്ട് റക്അത്തുകൾ സുന്നത്ത് നമസ്കരിക്കുന്നത് ഉത്തമമാണ്. ഉമ്മുഹബീബ(റ)ൽ നിന്ന് നിവേദനം "നബി(സ) പറഞ്ഞു: ദിനേന പന്ത്രണ്ടു റക്അത്തുകൾ സുന്നത്ത് നമസ്കരിക്കുന്നവർക്ക് അല്ലാഹു സ്വർഗ്ഗത്തിൽ ഒരുഭവനം ഉണ്ടാക്കുന്നതാണ്"(മുസ്ലിം ). "ളുഹറിനു മുമ്പ് നാലു റക്അത്ത്, ശേഷം രണ്ടു റക്അത്ത്, മഗ്രിബിനുശേഷം രണ്ടു റക്അത്ത്, ഇശാക്കുശേഷം രണ്ടു റക്അത്ത്, സുബഹിക്കുമുമ്പ് രണ്ടു റക്അത്ത് എന്നിവയാണവ. ഇവയിൽ യാത്രയിലായിരിക്കുമ്പോൾ സുബഹിക്കുമുമ്പുള്ള രണ്ടു

റക്അത്ത് മാത്രമെ നബി (സ) നിർവ്വഹിക്കാറുണ്ടായിരുന്നുള്ളൂ.
വിത്ർ നമസ്കാരം പ്രബലമായ ഒരു സുന്നത്തു നമസ്കാരമാണ്. ഇശാനമസ്കാരത്തിന്നുശേഷം ഫജ്ർ നമസ്കാരത്തിന്റെ സമയമാകുന്നതു വരെയാണ് വിത്ർ നമസ്കാരത്തിന്റെ സമയം. അവസാനം ഒററയായി വരത്തക്കവണ്ണം ഒന്നോ, മൂന്നോ, അഞ്ചോ അതിൽ കൂടുതലോ റക്അത്തുകൾ വിത്ർ നമസ്കരിക്കാവുന്നതാണ്.

# മയ്യിത്ത് നമസ്കാരം

ഒരു മുസ്ലിം മരണപ്പെട്ടാൽ അയാളുടെ മൃതശരീരം കുളിപ്പിക്കുക, കഫൻ ചെയ്യുക, അയാളുടെ മേൽ നമസ്കരിക്കുക, അയാളെ മറവു ചെയ്യുക എന്നിവ മററു മുസ്ലിംകളുടെ മേൽ നിർബ്ബന്ധമായ പൊതുബാധ്യതയാണ്. ഒരു സമൂഹത്തിലെ ഏതാനും പേർ അത് നിർവ്വഹിച്ചാൽ എല്ലാവരുടെയും ബാധ്യത നിർവ്വഹിക്കപ്പെട്ടു, ആരും ശിക്ഷാർഹരാവില്ല. ഒരാളും ചെയ്തില്ലെങ്കിൽ എല്ലാവരും ശിക്ഷാർഹരാവും. മയ്യിത്ത് സംസ്കരണത്തിന് സന്നിഹിതരാകുന്നവർക്ക് മഹത്തായ പ്രതിഫലം ലഭിക്കുന്നതാണ് .
നബി(സ) അരുൾ ചെയ്യുന്നു :
"ഒരു ജനാസയുടെ മേൽ നമസ്കരിക്കുന്നതുവരെ അതിനെ പിന്തുടരുന്നവന് ഒരു "ഖീറാത്ത് പ്രതിഫലം ലഭിക്കുന്നതാണ്, അതിനെ മറവു ചെയ്യുന്നതുവരെ അനുഗമിച്ചവന് "രണ്ടു ഖീറാത്തുകൾ " പ്രതിഫലം ലഭിക്കുന്നതാണ്. "ഖീറാത്തുകൾ" എന്നാലെന്ത്? ചിലർ ആരാഞ്ഞു. അവിടുന്നു പറഞ്ഞു: രണ്ടു

മഹാപർവ്വതങ്ങൾ പോലെ" (ബുഖാരി, മുസ്‌ലിം )

മുസ്‌ലിമായ പുരുഷനും, സ്ത്രീക്കും, കുട്ടിക്കും വേണ്ടി മയ്യിത്ത് നമസ്ക്കരിക്കുക. നാലുമാസം ഗർഭമായ ശേഷം ജീവനില്ലാതെ പ്രസവിച്ച കുഞ്ഞിനെയും കുളിപ്പിക്കുകയും കഫൻ ചെയ്യുകയും മയ്യത്ത് നമസ്ക്കരിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ നാലുമാസമാവുന്നതിനു മുമ്പു ജീവനില്ലാതെ പ്രസവിച്ച കുഞ്ഞിനു അത്തരം കർമ്മങ്ങളൊന്നും ചെയ്യേണ്ടതില്ല.

മയ്യിത്ത് പുരുഷന്റേതാണെങ്കിൽ മയ്യിത്തിന്റെ ശിരസ്സിനു സമീപം ഇമാം നില്ക്കുക. സ്ത്രീയുടേതാണെങ്കിൽ മധ്യഭാഗത്തും നില്ക്കുക.

മയ്യിത്തു നമസ്ക്കാരത്തിന് നാലു തക്ബീറുകളുണ്ട്. ആദ്യ തക്ബീറിനു ശേഷം സൂറത്തുൽ ഫാത്തിഹ പാരായണം ചെയ്യുക. രണ്ടാമത്തെ തക്ബീറിനു ശേഷം നബി(സ) യുടെ മേൽ സ്വലാത്ത് ചൊല്ലുക. മൂന്നാമത്തെ തക്ബീറിനു ശേഷം മയ്യിത്തിനു വേണ്ടി പ്രാർത്ഥിക്കുക.

## പ്രാർത്ഥനയുടെ രൂപം :

اَللّٰهُمَّ اغْفِرْ لَهُ وَارْحَمْهُ وَعَافِهِ وَاعْفُ عَنْهُ وَاَكْرِمْ نُزُلَهُ وَوَسِّعْ مُدْخَلَهُ وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرَدِ وَنَقِّهِ مِنَ الْخَطَايَا كَمَا يُنَقِّي الثَّوْبُ الْاَبْيَضُ مِنَ الدَّنَسِ وَاَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ وَاَهْلًا خَيْرًا مِنْ اَهْلِهِ وَاَدْخِلْهُ الْجَنَّةَ وَقِهِ مِنْ عَذَابِ الْقَبْرِ وَعَذَابِ النَّارِ .

**(അല്ലാഹുമ്മ ഗ്ഫിർ ലഹു വർഹംഹു വ ആഫിഹി വഅ്ഫു അൻഹു വ അക്‌രിം**

**നുസ്ലുഹു വവസ്സിഅ് മദ്ഖലഹു വഗ്സിൽഹു ബിൽ മാഇ വസ്സൽജി വൽ ബറദി വനഖ്ഖിഹി മിനൽ ഖത്വായായാ കമാ യുനഖ്ഖ സ്സൗബുൽ അബ്യളു മിന ദ്ദനസി വഅബ്ദിൽഹു ദാറൻ ഖൈറൻ മിൻ ദാരിഹി വ അഹ്ലൻ ഖൈറൻ മിൻ അഹ്ലിഹി വ അദ്ഖിൽഹുൽ ജന്നത്ത വഖിഹി മിൻ അദാബിൽ ഖബ്രി വമിൻ അദാബിന്നാർ).**

**(അല്ലാഹുവെ നീ അദ്ദേഹത്തിനു പൊറുത്തു** കൊടുക്കുകയും അദ്ദേഹത്തോട് കരുണ കാണിക്കുകയും സൗഖ്യം നല്കുകയും മാപ്പുചെയ്കയും ചെയ്യേണമേ, അദ്ദേഹത്തിന്റെ ആഥിത്യം നീ മാന്യമാക്കുകയും പ്രവേശന സ്ഥലം വിശാലമാക്കുകയും ചെയ്യേണമേ, അദ്ദേഹത്തെ ജലം ഹിമം, ആലിപ്പഴം എന്നിവ കൊണ്ടു കുളിപ്പിക്കേണമേ, വെളുത്ത വസ്ത്രം അഴുക്കിൽ നിന്ന് ശുചീകരിക്കുന്ന പോലെ നീ അദ്ദേഹത്തെ പാപങ്ങളിൽ നിന്നു ശുചീകരിക്കേണമേ, അദ്ദേഹത്തിനു തന്റെ ഭവനത്തെക്കാൾ നല്ല ഭവനവും കുടുംബത്തെക്കാൾ നല്ല കുടുംബവും ഇണയെക്കാൾ നല്ല ഇണയെയും നല്കേണമേ. അദ്ദേഹത്തെ നീ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ഖബർ ശിക്ഷയിൽ നിന്നും നരക ശിക്ഷയിൽ നിന്നും കാത്തു രക്ഷിക്കുകയും **ചെയ്യേണമേ).**

**നബി(സ) യിൽ നിന്ന് വേറെയും പ്രാർത്ഥനകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട് . നാലാമത്തെ തക്ബീറിനു ശേഷം**

اللَّهُمَّ لَا تُحْرِمْنَا أَجْرَهُ وَلَا تَفْتِنَّا بَعْدَهُ وَاغْفِرْ لَنَا وَلَهُ

അല്ലാഹുമ്മ ലാ തുഹർറിംനാ അജ്റഹു വലാ തഫ്തിന്നാ ബഅ്ദഹു വഗ്ഫിർ ലനാ വലഹു.

( അല്ലാഹുവെ, ഇതിൻെറ പ്രതിഫലം ഞങ്ങൾക്ക് നീ തടയരുതെ, ഞങ്ങൾക്കും അദ്ദേഹത്തിനും നീ പൊറുത്തു തരേണമേ ) . അനന്തരം സലാം ചൊല്ലി നമസ്കാരത്തിൽ നിന്നു വിരമിക്കുക.

ചെറിയ കുട്ടിയുടെ മൃതദേഹമാണെങ്കിൽ താഴെ നല്കിയ രൂപത്തിൽ പ്രാർത്ഥിക്കുക.

(اللهم اجعله فرطا وذخرا لوالديه وشفيعا مجابا، اللهم ثقل به موازينهما واعظم به اجورهما والحقه بصالح المؤمنين )

(അല്ലാഹുമ്മ ജ്അൽഹു ഫററ്വൻ വദുഖ്റൻ ലിവാലിദൈഹി വശഫീഅൻ മുജാബാ. അല്ലാഹുമ്മ ഥഖ്ഖിൽ ബിഹി മവാസീനഹുമാ, വഅഅ്ളിം ബിഹി ഉജൂറഹുമാ വഅൽഹിഖ്ഹു ബിസ്വാലിഹിൽ മുഅ്മിനീൻ)

( അല്ലാഹുവെ, നീ അവനെ അവൻെറ മാതാപിതാക്കൾക്ക് ഒരുക്കിവെച്ച പ്രതിഫലവും സൂക്ഷിച്ചുവെക്കപ്പെട്ട സമ്പത്തും സ്വീകരിക്കപ്പെടുന്ന ശുപാർശകനുമാക്കേണമേ. അല്ലാഹുവെ അവൻ കാരണം അവരുടെ സത്പ്രവർത്തനങ്ങളുടെ ഫലനം നീ

വർദ്ധിപ്പിക്കുകയും അവരുടെ പ്രതിഫലത്തെ മഹത്തായതാക്കുകയും ചെയ്യേണമേ. അല്ലാഹുവെ സുകൃതരായ വിശ്വാസികളുടെ കൂട്ടത്തിൽ അവനെ നീ ചേർക്കേണമേ) .

അല്ലാഹുവെ; നമസ്ക്കാരം ശരിയായ രൂപത്തിൽ നിർവ്വഹിക്കുന്നവരുടെ കൂട്ടത്തിൽ ഞങ്ങളെ ഉൾപ്പെടുത്തുകയും, ഐഹിക-പാരത്രിക വിജയികളാക്കുകയും ചെയ്യേണമേ.

---

## هذا الكتاب يحتوي على :

١ – أهمية الصلاة في الإسلام .

٢ – كيفية الطهارة .

٣ – كيفية الصلاة .

٤ – الأدعية والأذكار بعد الصلاة .

٥ – صلاة الجنائز .

**COOPERATIVE OFFICE**
**FOR CALL AND GUIDANCE**
**IN AL- BATHA**

UNDER THE SUPERVISION OF
MINISTRY OF ISLAMIC AFFAIRS,
ENDOWMENTS, PROPAGATION AND GUIDANCE

PO. BOX:20824 RIYADH.11465

00966-1 — 4030251
4034517
4031587
4030142
FAX 4059387

Lecture hall. Tel + Fax: 00966- 1- 4083405



© All rights reserved for the Office
No part of this book may be used for publication without the written permission of the copyright holder, application for which should be addressed to the office



**ഇസ്ലാമിക പ്രബോധന**
**സഹകരണ കേന്ദ്രം ബത്ഹ-റിയാദ്**

പോസ്റ്റ് ബോക്സ് 20824 റിയാദ് : 11465
ടെലഫോൺ : 4030251 - 4030142 - 4031517
ഫാക്സ് : 4059387

വഖഫ്, ഇസ്ലാമിക കാര്യ മന്ത്രാലയത്തിന്റെ
നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം

# دليـــل الصـــلاة

( باللغة المليبارية )

جمع وإعداد وترجمة

محمد علي إبراهيم سلمي

# دليل الصلاة

(باللغة المليبارية)


جمع وإعداد وترجمة

محمد علي إبراهيم سلمي



ردمك: ٢-٣٧-٧٩٨-٩٩٦٠

٥٥

المكتب التعاوني للدعوة والإرشاد - قسم الجاليات - بالبطحاء

١/١/١٤٢٠هـ